നം.ഇ.എൽ.1 – 270900/21

# ഷോർട്ട് ടെൻഡർ നോട്ടീസ്

കേരള നിയമസഭയിലേക്കുള്ള 2021ലെ പൊതുതിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് തിരഞ്ഞെടുപ്പ് ജോലികളുടേയും അനുബന്ധ കാര്യങ്ങളുടേയും വീഡിയോ ചിത്രീകരണങ്ങൾ നടത്തി പകർപ്പ് ലഭ്യമാക്കുന്നതിന് താല്പര്യമുള്ള വീഡിയോ/ഫോട്ടോഗ്രാഫർമാരിൽ നിന്നും സീൽ ചെയ്ത കവറിൽ ടെൻഡർ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡർ സംബന്ധിച്ച നിബന്ധനകൾ താഴെ ചേർക്കുന്നു.

1. ചിത്രീകരണം തൽസമയം നടത്തിയത് സംബന്ധിച്ച തീയതി, സമയം എന്നിവ ചിത്രീകരണത്തിൽ ഉൾക്കൊള്ളിക്കണം.
2. ഓരോ ദിവസവും ചിത്രീകരിച്ച സി.ഡി./ഡി.വി.ഡി. അന്നേ ദിവസം വൈകീട്ടോ തൊട്ടടുത്ത ദിവസം രാവലെയോ ഈ കാര്യാലയത്തിൽ ഹാജരാക്കിയിരിക്കണം.
3. ടെൻഡർ ലഭിക്കുന്ന വ്യക്തിയിൽ നിന്നും നിയമപ്രകാരമുള്ള നികുതികൾ ഈടാക്കുന്നതാണ്.
4. യാതൊരു സാഹചര്യത്തിലും മുൻകൂർ തുക അനുവദിക്കുന്നതല്ല.
5. ടെൻഡർ നിശ്ചിത ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്.
6. ടെൻഡർ ഫോം 1,700/- രൂപ അടച്ച് കൈപ്പറ്റേണ്ടതാണ്.
7. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ ആവശ്യപ്പെടുന്ന സ്ഥലത്തും സമയത്തും ആവശ്യപ്പെടുന്ന എണ്ണം ക്യാമറ വീഡിയോഗ്രാഫർ സഹിതം പ്രവർത്തനക്ഷമമായി ലഭ്യമാക്കേണ്ടതാണ്.
8. ഏകദേശം 150 ക്യാമറകൾ വരെ പ്രതിദിനം ആവശ്യമായി വരുന്നതാണ്.
9. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി / സ്ഥാപനം ജില്ലാ കളക്ടർ മുമ്പാകെ വ്യവസ്ഥകൾ പാലിക്കുന്നത് സംബന്ധിച്ച കരാർ ഒപ്പിട്ടു നൽകേണ്ടതാണ്.
10. ടെൻഡറിനോടൊപ്പം 1,00,000/- രൂപയുടെ EMD ജില്ലാ കളക്ടറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് (ഏതെങ്കിലും അംഗീകൃത ബാങ്കിൽ നിന്നും എടുത്തത്) സമർപ്പിക്കേണ്ടതാണ്. ടി വിവരം ടെൻഡർ ഫോമിൽ രേഖപ്പെടുത്തേണ്ടതാണ്.
11. ടെൻഡറുകൾ സീൽ ചെയ്ത കവറിൽ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ & ജില്ലാ കളക്ടർ, തൃശ്ശൂർ എന്ന മേൽവിലാസത്തിൽ സമർപ്പിക്കേണ്ടതും കവറിന് പുറത്ത് **'നിയമസഭാ തിരഞ്ഞെടുപ്പ് 2021 – വീഡിയോ ചിത്രീകരണത്തിനുള്ള ടെൻഡർ'** എന്നു സൂചിപ്പിക്കേണ്ടതുമാണ്.
12. ടെൻഡർ സംബന്ധിച്ച നടപടിക്രമങ്ങളിൽ ജില്ലാ കളക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

13. ടെൻഡർ ഫോം 25/02/2021 ഉച്ചതിരിഞ്ഞ് 2 മണിവരെ വിതരണം ചെയ്യുന്നതാണ്.

ടെൻഡറുകൾ സമർപ്പിക്കേണ്ട അവസാന ദിവസം – 25/02/2021 തീയതി വൈകീട്ട് 4 മണി വരെ

ടെൻഡറുകൾ അന്നേ ദിവസം വൈകീട്ട് 4 മണിക്കു ശേഷം ടെൻഡറുകൾ സമർപ്പിച്ചിട്ടുള്ളവരിൽ ഹാജരായ അംഗങ്ങളുടെ മുമ്പാകെ തുറന്നു പരിശോധിക്കുന്നതാണ്.

ഒപ്പ്

കളക്ടറേറ്റ്, തൃശ്ശൂർ, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ &
തീയതി: 20/02/2021. ജില്ലാ കളക്ടർ, തൃശ്ശൂർ.

പകർപ്പ്

1. കളക്ടറേറ്റ് നോട്ടിസ് ബോർഡ്
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശ്ശൂർ
3. എല്ലാ തഹസിൽദാർമാർക്കും
4. വില്ലേജ് ഓഫീസർ,
   തൃശ്ശൂർ / അയ്യന്തോൾ.
5. ജില്ലാ കളക്ടറുടെ സി.എ.യ്ക്ക്

(1–4) നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിന്

അംഗീകാരത്തോടെ,

ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ).